Love'sArk.net
helping people find strength in God

# ബൈബിൾ വായനയ്ക്കൊരു അഞ്ചുവരിപ്പാത

## മുഖവുര

1500 ബി.സി. മുതൽ എ.ഡി. 100 വരെയുള്ള 1600 വർഷങ്ങളുടെ കാലയളവിൽ 40-ഓളം ലേഖകരാലാണ് ബൈബിൾ എഴുതപ്പെട്ടത്. വ്യത്യസ്തമായ സാഹചര്യങ്ങളിലും കാലഘട്ടങ്ങളിലുമായാണ് ഈ ലേഖകരെല്ലാം എഴുതിയതെങ്കിലും, പരിശുദ്ധാത്മാവിന്റെ പ്രേരണയിലാണ് അവർ എഴുതിയത്. താഴെ കൊടുത്തിരിക്കുന്ന തിരുവെഴുത്തുകൾ ഈ കാര്യം വ്യക്തമാക്കുന്നു.

> എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യസനത്തിന്നും പ്രയോജനമുള്ളത് ആകുന്നു (2 തിമൊഥെയോസ് 3:16)

> തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ (2 പത്രോസ് 1:20,21)

ഈ തിരുവെഴുത്തുകൾ ബൈബിൾ ദൈവവചനം തന്നേ എന്നു സമർത്ഥിക്കുന്നു.

ദൈവവചനത്തിന്റെ രണ്ട് പ്രത്യേകതകൾ കൂടെ ഇവിടെ കുറിക്കട്ടെ:

1. ബൈബിൾ വെറും വാക്കുകളുടെ ഒരു സമാഹാരമല്ല; മറിച്ച് അത് ജീവനും ശക്തിയുമുള്ള വചനമത്രേ.

    (a) ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രായർ 4:12).

    (b) “എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റിക പോലെയും അല്ലയോ” എന്നു യഹോവയുടെ അരുളപ്പാടു (യിരെമ്യാവ് 23:29).

2. ബൈബിൾ മാറ്റമില്ലാത്തതും എന്നേയ്ക്കും നിലനിൽക്കുന്നതുമാകുന്നു.

    (a) പുല്ലുണങ്ങുന്നു, പൂ വാടുന്നു, നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കും നിലനിൽക്കും (യെശയ്യാവ് 40:8).

    (b) ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല (മത്തായി 24:35, മർക്കോസ് 13:31, ലൂക്കോസ് 21:33).

## അദ്ധ്യായങ്ങളും വാക്യങ്ങളുമായുള്ള വിഭജനം

ബൈബിളിൽ 1189 അദ്ധ്യായങ്ങളുണ്ട്: പഴയ നിയമത്തിൽ 929 അദ്ധ്യായങ്ങളും പുതിയ നിയമത്തിൽ 260 അദ്ധ്യായങ്ങളും. ആദ്യകാലങ്ങളിൽ അദ്ധ്യായങ്ങളും വാക്യങ്ങളുമായി ബൈബിൾ വിഭജിച്ചിട്ടില്ലായിരുന്നു. ബൈബിൾ സുഗമമായി വായിക്കുന്നതിനും പഠിക്കുന്നതിനും വേണ്ടിയാണ് അത്തരത്തിലൊരു വിഭജനം പിൽക്കാലത്ത് ഏർപ്പെടുത്തിയത്.

## ബൈബിൾ വായനയുടെ പ്രാധാന്യം

ബൈബിൾ വായനയിലൂടെ നമുക്ക ലഭിക്കുന്ന ചില പ്രയോജനങ്ങൾ നോക്കാം:

1. അതു നമ്മെ പാപം ചെയ്യാതിരിക്കാൻ സഹായിക്കുന്നു (സങ്കീർത്തനം 119:11)
2. അതു നമ്മെ ശുദ്ധീകരിക്കുന്നു (യോഹന്നാൻ 15:3)
3. അതു നമ്മെ വഴിനടത്തുന്ന മാർഗ്ഗദീപമാണ് (സങ്കീർത്തനം 119:105)
4. അതു നമുക്ക് പ്രത്യാശ നൽകുന്നു (റോമർ 15:4)
5. അതു നമുക്ക് വിശ്വാസത്തെ നൽകുന്നു (റോമർ 10:17)
6. അതു നമുക്ക് സന്തോഷത്തെ തരുന്നു (യിരെമ്യാവു 15:16)
7. അതു നമ്മെ ദൈവഹിതം മനസ്സിലാക്കുവാൻ സഹായിക്കുന്നു (ദാനിയേൽ 9:2 & യിരെമ്യാവു 25:11)
8. അതു പ്രവചനങ്ങൾ നിറവേറുന്നതു തിരിച്ചറിയുവാൻ നമ്മെ സഹായിക്കുന്നു (ലൂക്കോസ് 4:16–21 & യെശയ്യാവു 61:1–3)
9. അതു നമ്മെ ഭാഗ്യവാന്മാരാക്കുന്നു (സങ്കീർത്തനം 1:1-3)
10. അതു പിശാചിനാലുള്ള പരീക്ഷയിൽ ജയം പ്രാപിപ്പാൻ നമ്മെ സഹായിക്കുന്നു (മത്തായി 4:4,7,10 & ലൂക്കോസ് 4:4,8,12)

## ബൈബിൾ വായനയ്ക്കു നേരിടുന്ന തടസ്സങ്ങൾ

**1. വായനയ്ക്കായി സമയം ഇല്ല എന്ന പ്രശ്നം**

ആദ്യമായി ബൈബിൾ വായിക്കുവാൻ ശ്രമിക്കുന്നവരുടെ പ്രശ്നമാണിത്. യഥാർത്ഥത്തിൽ ഇത് സമയക്കുറവിന്റെ പ്രശ്നമല്ല. ബൈബിൾ വായന ആകർഷകമായി തോന്നാത്തതുകൊണ്ടും അതിന്റെ പ്രയോജനം എന്താണെന്ന് അറിയാത്തതുകൊണ്ടും വായനക്കാരന്റെ മനസ്സ് സമയം കണ്ടെത്തുവാൻ മടിക്കുന്നു എന്നതാണ് വാസ്തവം.

**2. വായന പാതിവഴിയിൽ മുടങ്ങിപ്പോവുക**

ബൈബിൾ വായന എവിടെ തുടങ്ങണമെന്നോ എങ്ങനെ തുടരണമെന്നോ അറിയാത്ത അനേകരുണ്ട്. സാധാരണയായി ബൈബിൾ വായിക്കുവാൻ തുടങ്ങുന്നവർ ഉല്പത്തി പുസ്തകത്തിൽ നിന്ന് വായന ആരംഭിക്കും. എന്നാൽ വായനയ്ക്ക് എന്തെങ്കിലും തടസ്സം വരുമ്പോൾ അവർ വായന വഴിയിൽ നിറുത്തുന്നു. കുറച്ചുകാലം കഴിഞ്ഞ് വീണ്ടും അവർ ഉല്പത്തി പുസ്തകത്തിൽ നിന്ന് വായന ആരംഭിക്കും. ഇത് പല ആവർത്തി സംഭവിക്കുന്നത് പലരുടെയും ജീവിതത്തിൽ സാധാരണമാണ്.

## അഞ്ചുവരി പാത

മേൽപറഞ്ഞതായ ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ സഹായിക്കുന്ന രീതിയിൽ രൂപപ്പെടുത്തിയിരിക്കുന്ന ഒരു ബൈബിൾ വായനാ പദ്ധതിയാണിത്. **ഈ പദ്ധതിയനുസരിച്ച് ബൈബിളിനെ 5 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

ഭാഗം 1: *ആരംഭങ്ങൾ:* ഉല്പത്തി മുതൽ രൂത്ത് വരെ (236 അദ്ധ്യായങ്ങൾ)

ദൈവസൃഷ്ടിയുടെ ആരംഭം, ഭൂമിയിൽ പാപത്തിന്റേയും, കഷ്ടതയുടേയും, മരണത്തിന്റേയും ഉത്ഭവം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഈ ഭാഗം പ്രതിപാദിക്കുന്നു. നോഹയുടെ കാലത്തുള്ള ജലപ്രളയവും, അബ്രാമിനു ലഭിച്ച ദൈവവിളിയും, യിസഹാക്കിന്റെയും യാക്കോബിന്റെയും യോസേഫിന്റെയും ജീവിതങ്ങളും ഈ ഭാഗത്തിൽ പ്രതിപാദിക്കുന്നു. യിസ്രായേൽ മക്കൾ ഈജിപ്റ്റിലേക്കു പോയതും, മോശയുടെ നേതൃത്വത്തിൽ ഒരു വലിയ വിടുതലിലൂടെ തിരികെ വന്നതും, പെസഹ ആചരണം ഏർപ്പെടുത്തിയതും, പത്തുകല്പനകളും മറ്റു പ്രമാണങ്ങളും നൽകിയതും, തിരുനിവാസം നിർമ്മിച്ചതും, വാഗ്ദത്തഭൂമിയിൽ യോശുവയുടെ നേതൃത്വത്തിൽ പ്രവേശിച്ചതുമൊക്കെ ഈ ഭാഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവസാനമായി, ന്യായാധിപന്മാർ യിസ്രായേലിൽ ന്യായം വിധിച്ചിരുന്ന കാലത്തെയും, ദാവീദിന്റെ പൂർവ്വികരായ ബോവാസിന്റേയും രൂത്തിന്റേയും വിവാഹവും ഈ ഭാഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഭാഗം 2: *രാഷ്ട്രനിർമ്മാണം:* 1 ശമുവേൽ മുതൽ ഇയ്യോബ് വരെ (242 അദ്ധ്യായങ്ങൾ)

അവസാന ന്യായാധിപനായ ശമുവേലിന്റേയും, ആദ്യ രാജാവായ ശൗലിന്റേയും കീഴിൽ യിസ്രായേൽ ഒരു രാജ്യമായി രൂപപ്പെടുന്നതിനെക്കുറിച്ച് ഈ ഭാഗത്തിൽ നമ്മുക്കു വായിക്കുവാൻ കഴിയും. ദാവീദിന്റെ ജീവിതത്തെയും വാഴ്ചയേയും കുറിച്ചുള്ള ദീർഘമായ വിവരണങ്ങളും, തുടർന്ന് അവന്റെ മകനായ ശലോമോന്റെ വാഴ്ചയും, ദൈവത്തിനായ് അവൻ ഒരു ആലയം പണിതതും ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. രാജ്യം രണ്ടായി വിഭജിക്കപ്പെട്ടതും, ദൈവത്തിനെതിരായി പാപം ചെയ്തുകൊണ്ടേയിരുന്നതു കാരണം അസ്സിറിയയുടേയും ബാബിലോണിന്റേയും സൈന്യങ്ങൾക്കു ദൈവം അവരെ ഏൽപ്പിച്ചു കൊടുത്തതും ഇവിടെ പറഞ്ഞിരിക്കുന്നു. പ്രവാസത്തിൽനിന്നു മടങ്ങിവന്ന ജനം നെഹമ്യാവിന്റേയും എസ്രയുടേയും നേതൃത്വത്തിൽ യെരുശലേം മതിലും ദൈവാലയവും പുനർനിർമ്മിച്ച കാര്യവും, ദൈവജനത്തിന്റെ പ്രതിസന്ധിഘട്ടത്തിൽ അവർക്കുവേണ്ടി സംസാരിച്ച എസ്ഥേറിന്റെ കഥയും നമുക്ക് ഈ ഭാഗത്തിൽ വായിക്കാം. ഇയ്യോബിന്റെ ജീവിതം, അവന്റെ നഷ്ടങ്ങളും കഷ്ടതകളും, നഷ്ടങ്ങളൊക്കെ ദൈവം ഇരട്ടിയായി മടക്കിക്കൊടുക്കുന്നതും പറഞ്ഞുകൊണ്ട് ഈ ഭാഗം അവസാനിക്കുന്നു.

ഭാഗം 3: *കാവ്യസാഹിത്യം:* സങ്കീർത്തനങ്ങൾ മുതൽ ഉത്തമഗീതം വരെ (201 അദ്ധ്യായങ്ങൾ)

കാവ്യസാഹിത്യമാണ് ഈ ഭാഗത്തിൽ നമുക്ക് കൂടുതൽ ദർശിക്കുവാൻ കഴിയുക. എബ്രായ ഭാഷയിൽ പാട്ടുകളായി പാടുന്ന സങ്കീർത്തനങ്ങളിലാണ് ഈ ഭാഗം ആരംഭിക്കുന്നത്. അവ മനുഷ്യജീവിതത്തിലെ അനുഭവങ്ങൾ, വികാരങ്ങൾ, ദൈവത്തിനായുള്ള മനുഷ്യന്റെ വാഞ്ഛ എന്നിവയൊക്കെ വെളിവാക്കുന്നു. അതോടൊപ്പം, സ്തോത്രവും, സ്തുതിയും, നന്ദിപ്രകടനങ്ങളും, ആരാധനയും ഒക്കെ ഇതിൽ അടങ്ങിയിരിക്കുന്നു. നൂറ്റാണ്ടുകളായി ഇവ മനുഷ്യർക്കു പ്രചോദനം നൽകിവരുന്നു. യിസ്രായേലിന്റെ "മധുരഗായകനായ" ദാവീദാണ് കുറേയധികം സങ്കീർത്തനങ്ങൾ എഴുതിയിരിക്കുന്നത്. പ്രായോഗിക ജീവിതത്തിനുതകുന്ന ഉപദേശങ്ങളടങ്ങിയ സദൃശ്യവാക്യങ്ങളുടെ പുസ്തകവും ഈ ഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള ദാർശനികചിന്തകൾ ഉൾക്കൊള്ളുന്ന സഭാപ്രസംഗിയുടെ പുസ്തകമാണ് അടുത്തത്. ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിക്കുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ധർമ്മമെന്നു സമർത്ഥിച്ചുകൊണ്ട് ഈ പുസ്തകം അവസാനിക്കുന്നു. വിവാഹജീവിതത്തിലുള്ള സ്നേഹത്തിന്റെ സൗന്ദര്യം പുകഴ്ത്തുന്ന ഉത്തമഗീതമാണ് ഈ ഭാഗത്തിലെ അവസാന പുസ്തകം.

ഭാഗം 4: *പ്രവാചകന്മാർ:* യെശയ്യാവ് മുതൽ മലാഖി വരെ (250 അദ്ധ്യായങ്ങൾ)

പ്രവാചകന്മാർ എഴുതിയ കാര്യങ്ങളാണ് ഈ ഭാഗത്തിലുള്ളത്. ദൈവത്തെക്കുറിച്ചുള്ള ചില അത്യുന്നത ദർശനങ്ങൾ, മഹത്തായ വാഗ്ദത്തങ്ങൾ, ശക്തമായ മുന്നറിയിപ്പുകൾ, ഭയങ്കരമായ ന്യായവിധികൾ, വരുവാനുള്ള രക്ഷയെക്കുറിച്ചുള്ള മഹത്തായ പ്രവചനങ്ങൾ, എന്നിവ ഈ പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്നു. പ്രവാസത്തിൽ നിന്നും ന്യായവിധിയിൽ നിന്നുമുള്ള ദൈവജനത്തിന്റെ വീണ്ടെടുപ്പിനെക്കുറിച്ചും, പുതിയ ആലയത്തിന്റെ മാതൃകയെക്കുറിച്ചും, കാലത്തിന്റെ അവസാനത്തിൽ വരാനിരിക്കുന്ന മശിഹയുടെ വാഴ്ചയെക്കുറിച്ചുമുള്ള പ്രധാനപ്പെട്ട സൂചനകളും ഈ ഭാഗത്തിലുണ്ട്. യേശുവിന്റെ ജനനത്തെയും മരണത്തെയും കുറിച്ചുള്ള പ്രസിദ്ധമായ പ്രവചനങ്ങളടങ്ങിയ യെശയ്യാവിന്റെ പുസ്തകം നൂറ്റാണ്ടുകളായി ക്രൈസ്തവർക്കു പ്രിയപ്പെട്ടതായി തുടരുന്നു. വെളിപ്പാടു പുസ്തകം മനസ്സിലാക്കുന്നതിനും അന്ത്യകാലത്തെക്കുറിച്ചുള്ള ദൈവപദ്ധതി പഠിക്കുന്നതിനും യെഹസ്കേൽ, ദാനിയേൽ, സെഖര്യാവ് എന്നീ പുസ്തകങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്. മലാഖി പുസ്തകം പഴയ നിയമത്തിലെ അവസാന പുസ്തകമാണ്. ഒരുതരത്തിൽ പറഞ്ഞാൽ മലാഖിയുടേത് പഴയ നിയമത്തിലെ അവസാന പ്രവാചക ശബ്ദവുമാണ്. പിന്നീടങ്ങോട്ടുള്ള 400 വർഷങ്ങളിൽ, "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു വിളിച്ചു പറഞ്ഞ് യേശുവിന്റെ ആഗമനം അറിയിച്ച യോഹന്നാൻ സ്നാപകൻ വരുന്നതു വരെ മറ്റു പ്രവാചകന്മാരില്ലായിരുന്നു.

ഭാഗം 5: *പുതിയ നിയമം:* മത്തായി മുതൽ വെളിപ്പാട് വരെ (260 അദ്ധ്യായങ്ങൾ)

യേശുവിന്റെ ജനനം, ജീവിതം, പ്രവർത്തനം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, തുടങ്ങിയ വസ്തുതകൾ ഈ ഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നു. യേശുവിന്റെ ജീവിതം രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷങ്ങളുടെ രചയിതാക്കൾ മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാലു പേരാണ്. പെന്തക്കൊസ്ത് ദിനത്തിൽ വിശ്വാസികളുടെ മേൽ ഉണ്ടായ പരിശുദ്ധാത്മാവിന്റെ ശക്തമായ അഭിഷേകവും, അതിലൂടെ തുടക്കം പ്രാപിച്ച സഭയുടെ ചരിത്രവുമാണ് അപ്പോസ്തല പ്രവൃത്തികൾ വിവരിക്കുന്നത്. പിന്നീടങ്ങോട്ട് പൗലോസ്, പത്രോസ്, യാക്കോബ്, യോഹന്നാൻ, യൂദാ എന്നിവർ എഴുതിയ ലേഖനങ്ങളാണ്. പത്മൊസ് ദ്വീപിൽ പ്രവാസത്തിലായിരിക്കുമ്പോൾ യോഹന്നാൻ എഴുതിയ വെളിപ്പാടു പുസ്തകമാണ് ഈ ഭാഗത്തിൽ അവസാനത്തേത്. ദൈവം തന്റെ സിംഹാസനത്തിൽ ഇരിക്കുന്നുവെന്നും, ചരിത്രത്തിലെ എല്ലാ സംഭവങ്ങളും ദൈവം നിയോഗിച്ച അവസാനത്തിലേയ്ക്കു പൊയ്ക്കൊണ്ടിരിക്കുന്നുവെന്നുമുള്ള ഒരു ദൃഢവിശ്വാസം നമ്മിൽ അതു ഉളവാക്കുന്നു. ഭീകരവും ഭയങ്കരവുമായ സംഭവങ്ങൾ ഈ ലോകത്തിൽ സംഭവിക്കുവാൻ പോകുന്നു എന്ന് ഈ പുസ്തകം നമ്മെ അറിയിക്കുന്നു. യിസ്രായേൽ ജനതയെക്കുറിച്ച് ദൈവത്തിനൊരു പ്രത്യേക പദ്ധതി ഉണ്ടെന്നും, ദൈവം ലോക സംഭവങ്ങളിൽ ഇടപെട്ടു യുദ്ധങ്ങൾക്കും, പാപത്തിനും, കഷ്ടതയ്ക്കും, മരണത്തിനും ഒരു അറുതി വരുത്തുമെന്നും ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു. ലോകത്തെ തെറ്റിക്കുന്ന

സാത്താനും അവന്റെ ആജ്ഞാനുവർത്തികൾക്കും സംഭവിക്കുന്ന ആത്യന്തിക ദുരന്തവും ഇവിടെ പ്രതിപാദിച്ചിരിക്കുന്നു. യേശുകർത്താവു വേഗം വീണ്ടും വരുന്നു എന്ന വാഗ്ദത്തത്തോടെ ഈ പുസ്തകവും ഭാഗവും അവസാനിക്കുന്നു.

## അഞ്ചുവരിപ്പാത വായന പദ്ധതിയുടെ പ്രത്യേകതകൾ

1. ചരിത്രം, ജീവചരിത്രം, പദ്യം, പ്രവചനം, സുവിശേഷങ്ങൾ, ലേഖനങ്ങൾ, വെളിപ്പാട് തുടങ്ങിയ വ്യത്യസ്തങ്ങളായ ചേരുവകൾ ബൈബിളിൽ അടങ്ങിയിട്ടുണ്ട്. ഉള്ളടക്കത്തിൽ ഇത്രയധികം വ്യത്യസ്തത പുലർത്തുന്ന മറ്റൊരു പുസ്തകമുണ്ടോ എന്ന് സംശയമാണ്. ഈ പദ്ധതി പ്രകാരം ബൈബിൾ വായിക്കുന്ന വ്യക്തി ഈ അഞ്ച് ഭാഗങ്ങളിൽ നിന്നും ഒരേ സമയം സമാന്തരമായി വായിക്കുന്നു. ബൈബിളിലെ ഉള്ളടക്കത്തിൽ കാണുന്ന വൈവിധ്യങ്ങളെല്ലാം ചേർന്നൊരു വായന എന്നത് സമീകൃതമായ ആഹാരം കഴിക്കുന്നതു പോലെയാണ്.

2. ഈ പദ്ധതി പ്രകാരം ബൈബിൾ വായിക്കുമ്പോൾ വായനയിൽ മുടക്കം വന്നാൽ മുടങ്ങിപ്പോകുന്നിടത്തു നിന്ന് വായന പുനരാരംഭിക്കുവാൻ നിഷ്പ്രയാസം സാധിക്കും. കൃത്യമായ ഒരു വായന പദ്ധതിയും ലക്ഷ്യവും ഉള്ളതു കൊണ്ടാണ് ഇപ്രകാരം സാധിക്കുന്നത്. നിങ്ങളുടെ വായനാസമയം പൂർണ്ണമായും ഫലപ്രദമായും ഉപയോഗിക്കുവാൻ ഈ പദ്ധതി നിങ്ങളെ സഹായിക്കും.

3. ബൈബിളിന്റെ ഒരു പ്രധാന വിശേഷത ഈ പദ്ധതി പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നു. ബൈബിളിൽ പ്രധാന സത്യങ്ങൾ രണ്ടോ അതിലധികമോ സ്ഥലങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതാണ് ഈ വിശേഷത. അതുകൊണ്ട് ബൈബിളിന്റെ യഥാർത്ഥ വ്യാഖ്യാനം ബൈബിളിൽ തന്നെയുണ്ട്. എന്നാൽ അതു വായനക്കാരനു വെളിപ്പെടുത്തിക്കൊടുക്കുന്നത് ബൈബിളിന്റെ യഥാർത്ഥ രചയിതാവായ പരിശുദ്ധാത്മാവു തന്നെയാണ് (യോഹന്നാൻ 14:26, 16:12-15).

   അഞ്ചു ഭാഗങ്ങളിൽ നിന്നും ഒരേ സമയം വായിക്കുന്നതുകൊണ്ട്, ബൈബിളിലെ പരസ്പരബന്ധമുള്ള തിരുവെഴുത്തുഭാഗങ്ങൾ കണ്ടെത്തുവാൻ വായനക്കാരന് എളുപ്പം കഴിയുന്നു. ഇത്തരത്തിലുള്ള ഭാഗങ്ങൾ കണ്ടെത്തുമ്പോൾ വായനക്കാരന് ബൈബിൾ ജീവൻ വയ്ക്കുന്നതായി അനുഭവപ്പെടും. നിങ്ങൾ ഇതുവരെ ശ്രദ്ധിക്കാതെ കിടന്ന സത്യങ്ങൾ കണ്ടെത്തുമ്പോൾ വായന ഉത്സാഹപൂർണ്ണമായിത്തീരും.

   തിരുവെഴുത്തുഭാഗങ്ങൾ പല ഭാഗങ്ങളിലും ബന്ധപ്പെട്ടിരിക്കുന്നതിന്റെ ചില ഉദാഹരണങ്ങൾ:

   (a) യേശു കാൽവരി ക്രൂശിൽ യാഗമായിത്തീർന്നതു പ്രതിപാദിക്കുന്ന ഉദാഹരണം

   ഭാഗം 1: പുറപ്പാട് 12—പെസഹ കുഞ്ഞാട് (1 കൊരിന്ത്യർ 5:7 നോക്കുക: "നമ്മുടെ പെസഹകുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നേ.")

   ഭാഗം 2: 2 ദിനവൃത്താന്തം 30 & 35—യെഹിസ്കീയാവും യോശിയാവും (2 രാജാക്കന്മാർ 23:21–23 നോക്കുക) പെസഹ ആചരിക്കുന്നു

   ഭാഗം 3: സങ്കീർത്തനം 22—ക്രൂശീകരണ ദിവസത്തിലെ സംഭവങ്ങളുടെ കൃത്യമായ വിവരണം

   ഭാഗം 4: യെശയ്യാവ് 53—യേശുവിന്റെ കഷ്ടതകളും ക്രൂശുമരണവും പ്രവചിച്ചിരിക്കുന്നു

   ഭാഗം 5: മത്തായി 27, മർക്കൊസ് 15, ലൂക്കോസ് 23 & യോഹന്നാൻ 19—യേശുവിന്റെ കഷ്ടതകളും ക്രൂശുമരണവും വിവരിച്ചിരിക്കുന്നു

   (b) പാപത്തെക്കുറിച്ച് പറയുന്ന ഉദാഹരണം

   ഭാഗം 1: പുറപ്പാട് 20:13,14 ലും ആവർത്തനപുസ്തകം 5:17,18 ലും കുല ചെയ്യരുതെന്നും വ്യഭിചാരം ചെയ്യരുതെന്നും പറഞ്ഞിരിക്കുന്നു

   ഭാഗം 2: 2 ശമുവേൽ 11 മുതൽ 12:25 വരെ–ദാവീദ് രാജാവ് ഈ രണ്ടു കല്പനകളും ലംഘിക്കുന്നതും ദൈവത്തോട് പാപം ഏറ്റുപറയുന്നതും രേഖപ്പെടുത്തിയിരിക്കുന്നു

   ഭാഗം 3: സങ്കീർത്തനം 51—ഈ പാപത്തെക്കുറിച്ചോർത്തു ദൈവമുമ്പാകെ ദാവീദ് കഴിക്കുന്ന അനുതാപ പ്രാർത്ഥന

   ഭാഗം 4: മത്തായി 5:21 മുതൽ 32 വരെ—കുല ചെയ്യരുതെന്നും വ്യഭിചാരം ചെയ്യരുതെന്നുമുള്ള കല്പനകൾ യേശു അടിവരയിട്ടു സമർത്ഥിച്ചു ദൃഢപ്പെടുത്തുന്നു.

   (c) മൽക്കിസേദെക്ക് എന്ന വ്യക്തിയെക്കുറിച്ച് ബൈബിളിലുള്ള മൂന്നു പരാമർശങ്ങൾ

   ഭാഗം 1: ഉല്പത്തി 14: 18–20

   ഭാഗം 2: സങ്കീർത്തനം 110:4

   ഭാഗം 3: എബ്രായർ 6:20 മുതൽ 7:28 വരെ

അഞ്ചു ഭാഗങ്ങളിൽ നിന്ന് ഒരേ സമയം സമാന്തരമായി വായിക്കുമ്പോൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ഇത്തരം തിരുവെഴുത്തുകൾ നിങ്ങളുടെ മനസ്സിൽ തമ്മിൽ കോർക്കുകയും ഇഴചേരുകയും ചെയ്യും. വളരെ തൃപ്തി നൽകുന്ന ബൈബിൾ വായനയ്ക്ക് ഇതു കാരണമാകും. കൂടാതെ ദൈവവചനത്തിൽ ഒളിഞ്ഞു കിടക്കുന്ന സത്യങ്ങൾ കാണുവാൻ നിങ്ങളുടെ കണ്ണു തുറക്കപ്പെടുകയും ചെയ്യും.

4. ഈ വായന പദ്ധതിക്ക് മറ്റൊരു പ്രത്യേകതയുണ്ട്. ഇതിലെ അഞ്ചു ഭാഗങ്ങളിലേയും അദ്ധ്യായങ്ങളുടെ എണ്ണത്തിൽ വ്യത്യാസമുണ്ട്. ഈ പ്രത്യേകത കാരണം ബൈബിൾ ഓരോ ആവർത്തി വായിക്കുമ്പോഴും, ഈ അഞ്ചു ഭാഗങ്ങളിൽ നിന്നും ഒരേ സമയം വായിക്കുന്ന തിരുവെഴുത്തുഭാഗങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. അതായത് ഈ പദ്ധതി പ്രകാരം ബൈബിൾ ഓരോ തവണ വായിക്കുമ്പോഴും മുൻപു വായിച്ചതിൽനിന്നും വ്യത്യസ്തമായ തിരുവെഴുത്തുഭാഗങ്ങൾ ഒരേ സമയം വായിക്കുന്നതിനു ഇടയാകുന്നു.

   ഉദാഹരണം: ഈ പദ്ധതി പ്രകാരം ആദ്യമായി ബൈബിൾ വായിക്കുമ്പോൾ നിങ്ങൾ ഉല്പത്തി 1, 1 ശമുവേൽ 1, സങ്കീർത്തനങ്ങൾ 1, യെശയ്യാവ് 1, മത്തായി 1 എന്നീ തിരുവെഴുത്തുഭാഗങ്ങൾ ഒരേ സമയം വായിക്കുന്നതിനു ഇടയാകും (രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ). അടുത്തപ്രാവശ്യം നിങ്ങൾ ഉല്പത്തി 1–ൽ എത്തുമ്പോൾ മറ്റു ഭാഗങ്ങളിൽ നിങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന തിരുവെഴുത്തുഭാഗങ്ങൾ ഏതാണ്ട് ഇപ്രകാരമായിരിക്കും:

   ഭാഗം 2: ഇയ്യോബിന്റെ പുസ്തകത്തിന്റെ അവസാന ഭാഗം

   ഭാഗം 3: സങ്കീർത്തനങ്ങൾ 35–നും 45–നും മദ്ധ്യേ

   ഭാഗം 4: സെഖര്യാവിന്റെ പ്രവചന പുസ്തകത്തിലെവിടെയെങ്കിലും

   ഭാഗം 5: യോഹന്നാന്റെ ലേഖനങ്ങളിലെവിടെയെങ്കിലും

   നിങ്ങൾ പിന്തുടരുന്ന വായനാപദ്ധതി അനുസരിച്ച് മേൽ പറഞ്ഞിരിക്കുന്ന തിരുവെഴുത്തുഭാഗങ്ങളുടെ കൃത്യത അല്പം വ്യത്യാസപ്പെട്ടിരിക്കും.

   നിങ്ങൾ ഓരോ തവണ ബൈബിൾ വായിക്കുമ്പോഴും വായിക്കുന്ന തിരുവെഴുത്തുഭാഗങ്ങൾ വ്യത്യാസപ്പെട്ടിരിക്കുമെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. അഞ്ചു ഭാഗങ്ങളിൽ നിന്നും ഒരേ സമയം നിങ്ങൾ വായിക്കുന്ന തിരുവെഴുത്തുഭാഗങ്ങളുടെ അതേ കൂട്ടുകെട്ട് നിങ്ങളുടെ ജീവിത കാലയളവിൽ ഒരിക്കൽ പോലും അതേ രീതിയിൽ ആവർത്തിക്കുമോ എന്ന കാര്യം വളരെ സംശയമാണ്. ബൈബിൾ വായന എപ്പോഴും പുതുമയുള്ള ഒരു അനുഭവമായി നിലനിർത്തുവാൻ ഇത് ഇടയാക്കുന്നു. അതുപോലെ ഇത് വായനയ്ക്ക് ഒരുപാടു വൈവിധ്യവും നൽകുന്നു. (കൂടുതൽ വിവരങ്ങൾക്ക് **"ഒരു ഭാഗം വായിച്ചു തീരുമ്പോൾ എന്തു ചെയ്യണം"** എന്ന ശീർഷകം കാണുക).

## വായനയ്ക്കുമുമ്പുള്ള പ്രാരംഭ തീരുമാനങ്ങൾ

1. ഒരു ദിവസം ബൈബിൾ വായനയ്ക്കായി എത്ര സമയം കണ്ടെത്താൻ കഴിയുമെന്ന് തീരുമാനിക്കുക
2. എത്ര അദ്ധ്യായങ്ങൾ ഒരു ദിവസം വായിക്കണമെന്ന് തീരുമാനിക്കുക
3. എത്ര ഭാഗങ്ങളിൽ നിന്ന് ഒരു ദിവസം വായിക്കണമെന്ന് തീരുമാനിക്കുക
4. ഒരു വർഷം (അല്ലെങ്കിൽ 5 വർഷം) കൊണ്ട് എത്ര തവണ ബൈബിൾ വായിച്ചു തീർക്കണമെന്ന് ഒരു ലക്ഷ്യം വയ്ക്കുക
5. താഴെ കൊടുത്തിട്ടുള്ള 5 വായനാ പദ്ധതികളിൽ അനുയോജ്യമായ ഒരെണ്ണം തെരഞ്ഞെടുക്കുക

## വായനയ്ക്കുള്ള 5 പദ്ധതികൾ

### പദ്ധതി 1: വെങ്കല പദ്ധതി

ഒരു വർഷം കൊണ്ട് ഏതാണ്ട് മൂന്നു പ്രാവശ്യം ബൈബിൾ വായിച്ചു തീർക്കുവാൻ ഈ പദ്ധതി സഹായിക്കും. അപ്രകാരം ചെയ്യുന്നതിനു താഴെ പറയുന്ന രീതി പിൻതുടരുക.

ഒന്നാം ദിവസം ഒന്നും രണ്ടും ഭാഗങ്ങളിൽ നിന്ന് അഞ്ചു വീതം അദ്ധ്യായങ്ങൾ വായിക്കുക.
രണ്ടാം ദിവസം മൂന്നും നാലും ഭാഗങ്ങളിൽ നിന്ന് അഞ്ചു വീതം അദ്ധ്യായങ്ങൾ വായിക്കുക.
മൂന്നാം ദിവസം അഞ്ചും ഒന്നും ഭാഗങ്ങളിൽ നിന്ന് അഞ്ചുവീതം അദ്ധ്യായങ്ങൾ വായിക്കുക.

ഒരു നോട്ടുപുസ്തകം വായനയുടെ പുരോഗതി രേഖപ്പെടുത്തുവാൻ ഉപയോഗിക്കുക. ഒരു ഭാഗം വായിക്കേണ്ടുന്ന ഊഴം വരുമ്പോൾ ഏത് അദ്ധ്യായം മുതൽ വായിക്കണമെന്ന് ഈ രേഖ നിങ്ങളെ ഓർമ്മപ്പെടുത്തും.

ഒന്നാം ദിവസത്തെ വായന കഴിയുമ്പോൾ നിങ്ങളുടെ രേഖ ഇപ്രകാരമായിരിക്കും കാണപ്പെടുക:

ഉല്പത്തി 6
1 ശമുവേൽ 6

രണ്ടാം ദിവസത്തെ വായന കഴിയുമ്പോൾ നിങ്ങളുടെ രേഖ ഇപ്രകാരമായിരിക്കും കാണപ്പെടുക:

ഉല്പത്തി 6
1 ശമുവേൽ 6
സങ്കീർത്തനം 6
യെശയ്യാവ് 6

മൂന്നാം ദിവസത്തെ വായന കഴിയുമ്പോൾ നിങ്ങളുടെ രേഖ ഇപ്രകാരമായിരിക്കും കാണപ്പെടുക:

~~ഉല്പത്തി 6~~
1 ശമുവേൽ 6
സങ്കീർത്തനം 6
യെശയ്യാവ് 6
മത്തായി 6
ഉല്പത്തി 11

മൂന്നാം ദിവസം വായന കഴിഞ്ഞ് ഉല്പത്തി 11 രേഖപ്പെടുത്തുമ്പോൾ ഉല്പത്തി 6 നിങ്ങൾക്ക് വെട്ടിക്കളയാം. നാലാം ദിവസം 1 ശമുവേൽ 6–ാം അദ്ധ്യായത്തിൽ നിങ്ങൾക്ക് വായന ആരംഭിക്കാമെന്നർത്ഥം.

## പദ്ധതി 2: വെള്ളി പദ്ധതി

ഒരു വർഷം കൊണ്ട് ഏതാണ്ട് 4 1/2 തവണ (രണ്ടു വർഷം കൊണ്ട് ഏതാണ്ട് 9 തവണ) ബൈബിൾ വായിക്കണമെന്നുണ്ടെങ്കിൽ ദിവസവും മൂന്നു ഭാഗങ്ങളിൽ നിന്ന് അഞ്ച് അദ്ധ്യായങ്ങൾ വീതം വായിക്കുക.

ഒന്നാം ദിവസത്തെ വായന കഴിയുമ്പോൾ നിങ്ങളുടെ രേഖ ഇപ്രകാരം കാണപ്പെടും:

ഉല്പത്തി 6
1 ശമുവേൽ 6
സങ്കീർത്തനം 6

രണ്ടാം ദിവസത്തെ വായന കഴിയുമ്പോൾ, രേഖയുടെ തുടർച്ച ഇപ്രകാരമായിരിക്കും:

~~ഉല്പത്തി 6~~
1 ശമുവേൽ 6
സങ്കീർത്തനം 6
യെശയ്യാവ് 6
മത്തായി 6
ഉല്പത്തി 11

മൂന്നാം ദിവസം, 1 ശമുവേൽ 6–ാം അദ്ധ്യായത്തിൽ നിന്നു വായന തുടരാം.

## പദ്ധതി 3: സ്വർണ്ണ പദ്ധതി

ഒരു വർഷം കൊണ്ട് ഏതാണ്ട് 6 തവണ ബൈബിൾ വായിക്കണമെന്നുണ്ടെങ്കിൽ ദിവസവും രണ്ടു ഭാഗങ്ങളിൽ നിന്നു പത്ത് അദ്ധ്യായങ്ങൾ വീതം വായിക്കണം. ഈ പദ്ധതി അനുസരിച്ച് നിങ്ങളുടെ രേഖ ഇപ്രകാരമായിരിക്കും:

ഒന്നാം ദിവസം കഴിയുമ്പോൾ:

ഉല്പത്തി 11
1 ശമുവേൽ 11

രണ്ടാം ദിവസം കഴിയുമ്പോൾ:

ഉല്പത്തി 11
1 ശമുവേൽ 11
സങ്കീർത്തനം 11
യെശയ്യാവ് 11

മൂന്നാം ദിവസം കഴിയുമ്പോൾ:

~~ഉല്പത്തി 11~~
1 ശമുവേൽ 11
സങ്കീർത്തനം 11
യെശയ്യാവ് 11
മത്തായി 11
ഉല്പത്തി 21

നാലാം ദിവസം നിങ്ങൾക്ക് 1 ശമുവേൽ 11–ാം അദ്ധ്യായത്തിൽ നിന്നു വായന തുടരാം.

ഇപ്രകാരം, ഒരു വർഷം കൊണ്ട് ഏതാണ്ട് 6 തവണ ബൈബിൾ വായിക്കുവാൻ നിങ്ങൾക്കു കഴിയും (ആലോചിച്ചു നോക്കൂ, അഞ്ചു വർഷം കൊണ്ട് ഏതാണ്ട് 30 തവണ ബൈബിൾ വായിക്കുവാൻ നിങ്ങൾക്കു കഴിയും). ഏതാണ്ട് രണ്ടു മാസ(60 ദിവസം)ത്തിലൊരിക്കൽ പദ്ധതി 3 അനുസരിച്ച് ബൈബിൾ ഒരു തവണ വായിച്ചു തീർക്കുവാൻ കഴിയും.

## പദ്ധതി 4: വജ്റ പദ്ധതി

ഈ പദ്ധതി അനുസരിച്ച് വായിക്കുന്ന ഒരു വ്യക്തിക്ക്, ഒരു വർഷം കൊണ്ട് ഏതാണ്ട് 9 തവണ ബൈബിൾ വായിക്കുവാൻ കഴിയും. അതിന്നായി എല്ലാ ദിവസവും മൂന്ന് ഭാഗങ്ങളിൽ നിന്നായി പത്ത് അദ്ധ്യായങ്ങൾ വീതം വായിക്കുക. ഒരു ദിവസം മൊത്തം 30 അദ്ധ്യായങ്ങൾ വായിക്കുവാൻ കഴിയുമെന്നർത്ഥം. പദ്ധതി 4 ഉപയോഗിച്ച് ഏതാണ്ട് 40 ദിവസത്തിലൊരിക്കൽ ബൈബിൾ ഒരു തവണ വായിച്ചു തീർക്കുവാൻ കഴിയും.

ഒന്നാം ദിവസത്തെ വായന കഴിയുമ്പോൾ നിങ്ങളുടെ രേഖ ഇപ്രകാരമായിരിക്കും കാണപ്പെടുക:

ഉല്പത്തി 11
1 ശമുവേൽ 11
സങ്കീർത്തനം 11

രണ്ടാം ദിവസത്തെ വായന കഴിയുമ്പോൾ നിങ്ങളുടെ രേഖ ഇപ്രകാരമായിരിക്കും കാണപ്പെടുക:

~~ഉല്പത്തി 11~~
1 ശമുവേൽ 11
സങ്കീർത്തനം 11
യെശയ്യാവ് 11
മത്തായി 11
ഉല്പത്തി 21

മൂന്നാം ദിവസം നിങ്ങൾക്ക് 1 ശമുവേൽ 11–ാം അദ്ധ്യായത്തിൽ നിന്നു വായന തുടരാം.

## പദ്ധതി 5: പ്ലാറ്റിനം പദ്ധതി

ഇതുപ്രകാരം വായനക്കാരന് ഒരു വർഷം കൊണ്ട് ബൈബിൾ 14 തവണ വായിക്കുവാൻ കഴിയും. അതിന്നായി അഞ്ചു ഭാഗങ്ങളിൽ നിന്നു ദിവസവും 10 അദ്ധ്യായങ്ങൾ വീതം വായിക്കുക. ഒരു ദിവസം 50 അദ്ധ്യായങ്ങൾ എന്നർത്ഥം. പദ്ധതി 5 പ്രകാരം ഏതാണ്ട് 24 ദിവസം കൂടുമ്പോൾ ബൈബിൾ ഒരു തവണ വായിച്ചു തീർക്കുവാൻ കഴിയും.

ഒന്നാം ദിവസത്തെ വായന കഴിയുമ്പോൾ നിങ്ങളുടെ രേഖ ഇപ്രകാരമായിരിക്കും കാണപ്പെടുക:

ഉല്പത്തി 11
1 ശമുവേൽ 11
സങ്കീർത്തനം 11
യെശയ്യാവ് 11
മത്തായി 11

രണ്ടാം ദിവസം നിങ്ങൾക്ക് ഉല്പത്തി 11–ൽ നിന്നു വായന ആരംഭിക്കാം. രണ്ടാം ദിവസത്തെ വായന കഴിയുമ്പോൾ നിങ്ങളുടെ രേഖ ഇപ്രകാരമായിരിക്കും കാണപ്പെടുക:

~~ഉല്പത്തി 11~~
~~1 ശമുവേൽ 11~~
~~സങ്കീർത്തനം 11~~
~~യെശയ്യാവ് 11~~
~~മത്തായി 11~~
ഉല്പത്തി 21
1 ശമുവേൽ 21
സങ്കീർത്തനം 21
യെശയ്യാവ് 21
മത്തായി 21

സമയക്കുറവു കാരണം രണ്ടോ മൂന്നോ ഭാഗങ്ങൾ ഒറ്റയിരിപ്പിനു വായിക്കുവാൻ ബുദ്ധിമുട്ടുന്നവർക്ക് ബൈബിൾ രണ്ടു സമയങ്ങളിലായി വായിക്കാവുന്നതാണ്. പ്രഭാത വായനാസമയത്ത് ഒന്നോ രണ്ടോ ഭാഗങ്ങൾ വായിക്കുകയും ബാക്കിയുള്ളവ ഉച്ചയ്ക്കോ വൈകിട്ടോ രാത്രിയിലോ വായിക്കുക.

## ഒരു ഭാഗം വായിച്ചു തീരുമ്പോൾ എന്തു ചെയ്യണം

എല്ലാ ഭാഗത്തിന്റേയും അവസാന അദ്ധ്യായത്തിനു തുടർച്ചയായി അതേ ഭാഗത്തിലെ ആദ്യ അദ്ധ്യായം വരുന്നു എന്ന തത്വം എപ്പോഴും ഓർക്കുക.

വിശദീകരണം:

ഒരു ഭാഗം വായിച്ചു തീരുന്ന വേളയിൽ ആ ഭാഗത്തിന്റെ വായന നിറുത്താതിരിക്കാൻ ശ്രദ്ധിക്കുക.

ഉദാഹരണമായി, പദ്ധതി ഒന്നോ (വെങ്കല പദ്ധതി) രണ്ടോ (വെള്ളി പദ്ധതി) അനുസരിച്ച് നിങ്ങൾ വായിക്കുന്നുവെങ്കിൽ—
ആദ്യത്തെ തവണ വായിക്കുമ്പോൾ ആദ്യം പൂർത്തിയാവുന്നത് മൂന്നാം ഭാഗമാണ് (കാവ്യ സാഹിത്യം). ഭാഗം 3 പൂർത്തിയാകുന്ന ദിവസത്തെ വായന തുടങ്ങുന്നതിനു മുമ്പായി രേഖ ഇപ്രകാരം കാണിക്കും: ഉത്തമഗീതം 8.

അപ്പോൾ ഒരു അദ്ധ്യായം വായിക്കുമ്പോൾ ആ ഭാഗം പൂർത്തിയാകും. എന്നാൽ വായന അവിടം കൊണ്ട് അവസാനിപ്പിക്കരുത്. കാരണം അന്നേ ദിവസം ആ ഭാഗത്തിൽ നിന്നും 5 അദ്ധ്യായങ്ങളാണ് വായിക്കേണ്ടുന്നത്. അതായത് വായന പൂർത്തിയാക്കുവാൻ ഇനിയും 4 അദ്ധ്യായം കൂടെ വായിക്കണം. അതിന്നായി ആ ഭാഗത്തിന്റെ ആരംഭമായ സങ്കീർത്തനങ്ങൾ എടുക്കുകയും ആദ്യത്തെ 4 അദ്ധ്യായങ്ങൾ വായിക്കുകയും ചെയ്യുക. എന്നിട്ട് രേഖയിൽ സങ്കീർത്തനം 5 എന്ന് രേഖപ്പെടുത്തുക.

ഒരു ഭാഗത്തിലെ വായന നേരത്തേ തീർന്നാൽ മറ്റു ഭാഗങ്ങൾ വായിച്ചു തീരുന്നതുവരെ കാത്തിരിക്കാതെ വായനാ പദ്ധതി എല്ലാ ഭാഗങ്ങളിലും തുടരുക. നേരത്തേ സൂചിപ്പിച്ചതുപോലെ, അഞ്ചുവരിപ്പാത വായനാ പദ്ധതി അനുസരിച്ച് ഓരോ തവണ ബൈബിൾ വായിക്കുമ്പോഴും മുമ്പ് വായിച്ചതിൽനിന്നു വ്യത്യസ്തമായ തിരുവെഴുത്തുഭാഗങ്ങൾ ഒരേ സമയം വായിക്കുന്നതിന്നു ഇടയാകും.

ടേബിൾ 1: വിവിധ പദ്ധതികൾ ഇവിടെ താരതമ്യം ചെയ്തിരിക്കുന്നു

| പദ്ധതികൾ | ഒരു വർഷം എത്ര തവണ ബൈബിൾ വായന പൂർത്തിയാകുന്നു (ഏകദേശ കണക്ക്) | ഓരോ ഭാഗത്തിലും വായിക്കേണ്ട അദ്ധ്യായങ്ങളുടെ എണ്ണം | ഒരു ദിവസം എത്ര ഭാഗങ്ങളിൽ നിന്നു വായിക്കണം | ഒരു ദിവസം വായിച്ചു തീരുന്ന അദ്ധ്യായങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. വെങ്കലം | 3 | 5 | 2 | 10 |
| 2. വെള്ളി | 4 1/2 | 5 | 3 | 15 |
| 3. സ്വർണ്ണം | 6 | 10 | 2 | 20 |
| 4. വജ്രം | 9 | 10 | 3 | 30 |
| 5. പ്ലാറ്റിനം | 14 | 10 | 5 | 50 |

## ഒരു പ്രോത്സാഹനക്കുറിപ്പ്

- മേൽപറഞ്ഞതായ ഏതെങ്കിലുമൊരു വായനാ പദ്ധതി അനുസരിച്ച് ആദ്യമായി ബൈബിൾ വായിക്കുമ്പോൾ, വായിച്ച ഭാഗങ്ങളുടെ ഏതാണ്ട് 20 ശതമാനം മാത്രം മനസ്സിൽ പതിഞ്ഞതായേ നിങ്ങൾക്ക് അനുഭവപ്പെടുകയുള്ളൂ. നിരാശപ്പെടരുത്. ഓരോ വായന കഴിയുന്തോറും അറിവിന്റെ ശതമാനം കൂടിക്കൊണ്ടേയിരിക്കും. അതുകൊണ്ട് ഉത്സാഹപ്പെടുക.

- ചില അവസരങ്ങളിൽ ഒന്നോ അതിലധികമോ ദിവസങ്ങളിൽ ബൈബിൾ വായിക്കുവാൻ സാധിക്കാതെ പോകാം. ചിലപ്പോൾ അങ്ങനെ സംഭവിക്കും. അതേക്കുറിച്ച് ഒരുതരത്തിലും കുറ്റബോധം അരുത്. കുറ്റബോധം കാരണം വായന പൂർണ്ണമായി നിറുത്തുകയും അരുത്. അങ്ങനെ ചെയ്യുവാനുള്ള പ്രേരണ സാത്താനിൽ നിന്നാണ് വരുന്നത്. അത്തരത്തിലുള്ള ചിന്തകളെ എതിർത്തു തോൽപ്പിക്കുക.

- “നല്ല മൂഡിലല്ല” അല്ലെങ്കിൽ “നല്ല മനസ്സുഖം തോന്നുന്നില്ല” എന്നതുകൊണ്ട് ഒരിക്കലും ബൈബിൾ വായന നിങ്ങൾ മാറ്റിവയ്ക്കരുത്. എല്ലാ ദിവസവും ഒരു പ്രത്യേക സമയത്ത് ബൈബിൾ വായിക്കുന്നത് ചിട്ടയാക്കുക.

നിങ്ങൾ ബൈബിൾ വായിച്ചു തുടങ്ങുന്ന വേളയിൽത്തന്നെ അതിന്റെ ഉള്ളടക്കത്തോടു നിങ്ങളുടെ ഹൃദയം ഊഷ്മളമായി പ്രതികരിക്കുവാൻ തുടങ്ങുന്നതായി അനുഭവപ്പെടും.

- ദൈവവചനം വായിക്കുന്നതിൽനിന്നു നമ്മെ മാറ്റി നിറുത്തുന്നതിനായി സാത്താൻ ഉപയോഗിക്കുന്ന ഒരു വഞ്ചനയുണ്ട്. അതായത്, ഇന്നു വായിക്കേണ്ടുന്ന തിരുവെഴുത്തുഭാഗങ്ങൾ വളരെ കട്ടപ്പമേറിയതാണെന്നും അനാകർഷകമാണെന്നും അവൻ നമ്മോടു പറഞ്ഞുകൊണ്ടേയിരിക്കും. പലരും ഈ കള്ളങ്ങൾ വിശ്വസിക്കുകയും ബൈബിൾ വായിക്കാതിരിക്കുകയും ചെയ്യും. എന്നാൽ ഈ കള്ളപ്രചാരണത്തിനു ചെവി കൊടുക്കാതെ നിങ്ങൾ ബൈബിൾ വായിക്കുമെങ്കിൽ, കട്ടപ്പമേറിയതെന്നും അനാകർഷകമെന്നും സാത്താൻ പറഞ്ഞ അതേ തിരുവെഴുത്തുഭാഗങ്ങൾ നിങ്ങളുടെ ആത്മാവിനെ ബലപ്പെടുത്തുന്നതു നിങ്ങൾക്ക് അനുഭവിക്കുവാൻ കഴിയും (വായന കഴിഞ്ഞ ഉടൻ തന്നെ, "ഇന്നത്തെ വായന നിങ്ങൾക്ക് ഒരു നന്മയും നൽകിയില്ല" എന്നും "നിങ്ങളുടെ സമയം നിങ്ങൾ വെറുതേ പാഴാക്കുകയായിരുന്നു" എന്നും സാത്താൻ പറയും. ഈ കള്ളന്റെ ശബ്ദത്തിനു ചെവി കൊടുക്കാതിരിക്കുക).

- വായന മനസ്സിൽ ചെലുത്തുന്ന സ്വാധീനത്തിലെ വ്യത്യാസങ്ങളാണ് നിങ്ങളെ അലട്ടാവുന്ന മറ്റൊരു പ്രശ്നം. ചില ദിവസങ്ങളിൽ ബൈബിൾ വായന കഴിയുമ്പോൾ വളരെ സമ്പുഷ്ടമായിരുന്നു വായനാ സമയമെന്നു തോന്നാം. മറ്റുചില ദിവസങ്ങളിൽ വായന കഴിയുമ്പോൾ തീർത്തും വിരസമായ അനുഭവമായിരുന്നു എന്നും തോന്നാം. ഇത്തരത്തിലുള്ള വ്യതിയാനങ്ങളിൽ ആശങ്കപ്പെടരുത്. ഇത് സാധാരണമാണ്. വായനാ സമയത്തുള്ള നമ്മുടെ ശാരീരിക, മാനസിക, ആത്മീക അവസ്ഥയെ ആശ്രയിച്ചാണ് ഈ വ്യത്യാസങ്ങൾ സംഭവിക്കുന്നത്.

- ഇതോടൊപ്പം മനസ്സിലാക്കേണ്ട മറ്റൊരു കാര്യമുണ്ട്. കഴിഞ്ഞ പ്രാവശ്യം വളരെ ശക്തമായ സ്വാധീനം ചെലുത്തിയ ഒരു തിരുവെഴുത്തുഭാഗം അടുത്ത തവണ വായിക്കുമ്പോൾ അതേ സ്വാധീനം ഉണ്ടാക്കിയില്ലെന്നു വരും. തിരിച്ചും സംഭവിക്കാം. ഇതും സാധാരണമായ അനുഭവമാണ്.

- ചില അവസരങ്ങളിൽ നിങ്ങൾക്കു ബൈബിൾ വായിക്കുവാൻ കഴിയുമെങ്കിലും, ആ ദിവസത്തേയ്ക്കു ഉദ്ദേശിച്ചിരുന്ന എല്ലാ ഭാഗങ്ങളും വായിച്ചു തീർക്കുവാൻ സാധിക്കാതെ വരാം. ഇവിടെയും നിരാശപ്പെടേണ്ടുന്ന കാര്യമൊന്നുമില്ല. ദൈവത്തിൽ ആശ്രയിച്ച് വായന അടുത്ത ദിവസം തുടരുക. വർഷാവസാനമാകുമ്പോൾ നിങ്ങൾ ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിയില്ലെങ്കിലും, നിങ്ങൾ പ്രതീക്ഷിച്ചതിനെക്കാളേറെ വായിക്കുവാൻ സാധിച്ചു എന്നു ബോധ്യപ്പെടും.

## പ്രാർത്ഥനയുടെ പ്രാധാന്യം

ബൈബിൾ വായിക്കുന്നതിനു മുമ്പായി ഒരു നിമിഷം പ്രാർത്ഥിക്കുക:

1. വായിക്കുന്ന തിരുവെഴുത്തുഭാഗം നന്നായി മനസ്സിലാക്കുവാൻ
2. ആ ദിവസത്തേക്ക് ആവശ്യമായ സന്ദേശം ലഭിക്കുവാൻ
3. വായനാസമയത്തു ദൈവസാന്നിദ്ധ്യം അനുഭവിക്കുവാൻ

"നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിനു എന്റെ കണ്ണുകളെ തുറക്കേണമേ" എന്ന 119–ാം സങ്കീർത്തനം 18–ാം വാക്യത്തിൽ കാണുന്ന സങ്കീർത്തനക്കാരന്റെ പ്രാർത്ഥന നിങ്ങൾക്കും ഉപയോഗിക്കാം.

## ഉപസംഹാരം

1. ഈ അഞ്ചുവരിപ്പാത വായനാ പദ്ധതി പിൻതുടരുന്നവരുടെ ജീവിതത്തെ അതു രൂപാന്തരപ്പെടുത്തിയിട്ടുണ്ട്.
2. നിരാശയുടേയും, ആശങ്കയുടേയും, തിരക്കിന്റേയും സമയങ്ങളിൽ ഏകാഗ്രമായി ബൈബിൾ വായിക്കുവാൻ ഈ പദ്ധതി അവരെ സഹായിച്ചിട്ടുണ്ട്. വ്യക്തമായൊരു ലക്ഷ്യമുള്ള പദ്ധതിയായതു കൊണ്ടും, വായനയിൽ വൈവിധ്യമുള്ളതുകൊണ്ടുമാണ് ഇത് സാധിക്കുന്നത്.
3. ഈ വായനാ പദ്ധതി പിൻതുടരുമെങ്കിൽ ദൈവത്തോടു ചേർന്നു നടക്കുവാൻ നിങ്ങൾക്കു തീർച്ചയായും പ്രചോദനം ലഭിക്കും. ഈ വായനാ പദ്ധതി നിങ്ങളുടെ ജീവിതത്തിലും വേലയിലും ചെലുത്തുന്ന സ്വാധീനം അളക്കുവാൻ പറ്റുന്നതിനുമപ്പുറമായിരിക്കും.

4. കഴിയുമെങ്കിൽ പ്രഭാതത്തിൽ ബൈബിൾ വായിച്ചുകൊണ്ട് എല്ലാ ദിവസവും ആരംഭിക്കുക. ആ സമയം നിങ്ങൾ ഏറ്റവും ഉന്മേഷമുള്ളവരായിരിക്കും; മനസ്സ് ഏകാഗ്രമായിരിക്കും; പുറത്തുള്ള ശബ്ദകോലാഹലങ്ങൾ കുറവായിരിക്കും. നിങ്ങൾക്ക് ആ ദിവസം ദൈവത്തോടൊപ്പം ആരംഭിച്ചു എന്ന ചാരിതാർത്ഥ്യമുണ്ടാകും. ബൈബിൾ വായനയോടെ തുടങ്ങുന്ന ഒരു ദിവസത്തെ ജീവിതാനുഭവങ്ങൾക്ക് ഒരു പ്രത്യേക വിശേഷത അനുഭവപ്പെടുന്നുണ്ടെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

5. ഓരോ ദിവത്തേയും വായനാ സമയത്ത് നിങ്ങൾക്കു ലഭിച്ച പ്രചോദനപരമായ ചിന്തകൾ കുറിച്ചിടുന്നതിനായി ഒരു നോട്ടുപുസ്തകമോ ഡയറിയോ സൂക്ഷിക്കുന്നതു നന്നായിരിക്കും. നിങ്ങളോടു സംസാരിച്ച ദൈവവചനവും, നിങ്ങൾക്കു കണ്ടെത്താനായ തമ്മിൽ ബന്ധപ്പെട്ടിരിക്കുന്ന വചനഭാഗങ്ങളും ഇതിൽ കുറിച്ചിടുവാൻ കഴിയും. ഈ രേഖ വർഷങ്ങളിലൂടെയുള്ള നിങ്ങളുടെ ആത്മീയയാത്രയുടെ ഒരു വിവരണം കൂടിയായി മാറും.

## സമർപ്പണം

നിങ്ങളുടെ നന്മയ്ക്കായും ദൈവനാമമഹത്വത്തിനായും ഈ അഞ്ചുവരി വായനാ പദ്ധതി ഞങ്ങൾ സമർപ്പിക്കുന്നു.

## അനുബന്ധം

1. വായനാപദ്ധതികളുടെ വിവരണത്തിൽ "ഏതാണ്ട്" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതിനു കാരണം ചില ഭാഗങ്ങൾ പറഞ്ഞിരിക്കുന്ന ദിവസത്തിനുമുമ്പും, ചില ഭാഗങ്ങൾ പറഞ്ഞിരിക്കുന്ന ദിവസത്തിനു ശേഷവും വായിച്ചുതീരുന്നതുകൊണ്ടാണ്.

2. ഓരോ തവണയും അഞ്ചാം ഭാഗത്തിലെ മത്തായി 1–ാം അദ്ധ്യായത്തിൽ എത്തുമ്പോൾ മുഴുവൻ ബൈബിളും ഒരു തവണ വായിച്ചു തീർന്നതായി കണക്കാക്കാം.

3. ഒരു വർഷം കൊണ്ട് നിങ്ങൾ വായിക്കുവാനുദ്ദേശിച്ചത്രയും വായിക്കുവാൻ കഴിഞ്ഞോ എന്ന് ഏതാണ്ട് കൃത്യമായി അറിയുവാൻ ഒരു മാർഗ്ഗമുണ്ട്. ഓരോ ദിവസവും വായിക്കുവാൻ കഴിയാതെ പോകുന്ന അദ്ധ്യായങ്ങളുടെ എണ്ണം കൂട്ടിവയ്ക്കുക. വർഷാവസാനം ആ കിട്ടുന്ന സംഖ്യ 1250 കൊണ്ട് ഹരിക്കുക. കിട്ടുന്ന ഉത്തരം നിങ്ങൾക്ക് ഒരു വർഷം എത്ര തവണ ബൈബിൾ വായിക്കുവാൻ കഴിഞ്ഞില്ല എന്നതിനെ കാണിക്കും.

   ഉദാഹരണം:

   (a) പദ്ധതി 1 (വെങ്കല പദ്ധതി) അനുസരിച്ച് ബൈബിൾ മുടക്കമില്ലാതെ വായിക്കുന്നൊരാൾ ദിവസം 10 അദ്ധ്യായങ്ങൾ (5 അദ്ധ്യായങ്ങൾ $\times$ 2 ഭാഗങ്ങൾ) വച്ച് വായിക്കണം. അങ്ങനെ വായിച്ചാൽ ഏതാണ്ട് 3 തവണ ഒരു വർഷം ബൈബിൾ വായിക്കുവാൻ കഴിയും. ഒരുപക്ഷേ പല ദിവസങ്ങളിലായി 450 അദ്ധ്യായങ്ങൾ (ഒരു വർഷാവസാനം വായിക്കുവാൻ കഴിയാതെ കുന്നുകൂടിയ അദ്ധ്യായങ്ങളുടെ എണ്ണം) നിങ്ങൾക്കു വായിക്കുവാൻ കഴിഞ്ഞില്ലെന്നിരിക്കട്ടെ;
   അപ്പോൾ $450/1250 = 0.36$
   അതായത് നിങ്ങൾക്ക് 0.36 തവണ ബൈബിൾ വായിക്കുവാൻ കഴിഞ്ഞില്ല എന്നർത്ഥം.

   (b) ഇതിൽ നിന്നും എത്ര തവണ ബൈബിൾ വായിക്കുവാൻ കഴിഞ്ഞു എന്നും കണ്ടെത്താം.
   പദ്ധതി 1 (വെങ്കല പദ്ധതി) അനുസരിച്ച് മുടക്കമില്ലാതെ വായിച്ചാൽ ഏതാണ്ട് 3 തവണ ബൈബിൾ വായിക്കുവാൻ കഴിയും.
   അപ്പോൾ $3 - 0.36 = 2.64$
   അതായത് നിങ്ങൾക്ക് 2.64 തവണ മൊത്തം ബൈബിൾ വായിക്കുവാൻ കഴിഞ്ഞു എന്നർത്ഥം. കുറേ വർഷങ്ങളുടെ അവസാനം (ഉദാഹരണത്തിന് അഞ്ചു വർഷങ്ങൾ കഴിയുമ്പോൾ) ഇത്തരത്തിൽ ലഭിക്കുന്ന സംഖ്യകൾ കൂട്ടിയെടുത്താൽ എത്ര തവണ ബൈബിൾ വായിക്കുവാൻ കഴിഞ്ഞു എന്ന് കൃത്യമായി അറിയുവാൻ സാധിക്കും.

4. നാലും അഞ്ചും ഭാഗങ്ങളിലെ മൊത്തം അദ്ധ്യായങ്ങളുടെ എണ്ണം (അതായത് 250–ഉം 260–ഉം) അഞ്ചിന്റെ ഗുണിതങ്ങളായതുകൊണ്ട് അവ എപ്പോഴും മലാഖി 4–ലും വെളിപ്പാട് 22–ലും കൃത്യമായി അവസാനിക്കും. വായനയ്ക്ക് വ്യത്യസ്തത വരുത്തുവാൻ ആഗ്രഹിക്കുന്നവർ ആദ്യത്തെ തവണ നാലും അഞ്ചും ഭാഗങ്ങൾ വായിക്കുമ്പോൾ, ഏതെങ്കിലുമൊരു ദിവസം ഒരു അദ്ധ്യായം കൂടുതൽ വായിച്ചു രേഖപ്പെടുത്തുക. അങ്ങനെ

ചെയ്യുമ്പോൾ വായന മലാഖി 4–ലും വെളിപ്പാട് 22–ലും കൃത്യമായി അവസാനിക്കുകയില്ല. അപ്പോൾ 4–ഉം 5–ഉം ഭാഗങ്ങളുടെ വായനയ്ക്ക് ഒരു തുടർച്ച അനുഭവപ്പെടും.

5. സങ്കീർത്തനങ്ങളും സദൃശ്യവാക്യങ്ങളും സഭാപ്രസംഗിയും ഉത്തമഗീതവും അടങ്ങുന്ന ഈ വായനാ പദ്ധതിയിലെ മൂന്നാം ഭാഗം നമ്മുടെ ജീവിതാനുഭവങ്ങളുമായി ഏറ്റവും ബന്ധപ്പെട്ടിരിക്കുന്ന തിരുവെഴുത്തുഭാഗങ്ങളാണ്. അതുകൊണ്ട് ഈ വായനാ പദ്ധതിയിൽ ഈ ഭാഗം മറ്റു ഭാഗങ്ങളേക്കാൾ കൂടുതൽ തവണ വായിക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. (വായനയുടെ എളുപ്പത്തിനായി 119–ാം സങ്കീർത്തനം 22 അദ്ധ്യായങ്ങളായി അങ്ങനെ താത്പര്യപ്പെടുന്നവർക്ക് കണക്കാക്കാവുന്നതാണ്.)

6. ഗിയർ മാറ്റം:

   ബൈബിൾ വായനയ്ക്കായി കൂടുതൽ സമയം ലഭിക്കുമ്പോൾ, നിങ്ങൾ സാധാരണ ഉപയോഗിക്കുന്ന വായനാ പദ്ധതിയിൽ നിന്നു മുകളിലുള്ള ഒരു വായനാ പദ്ധതിയിലേയ്ക്ക് കുറച്ചു ദിവസത്തേക്കെങ്കിലും താഴെ കാണുന്ന രീതിയിൽ മാറുന്നതു നല്ലതാണ്.

   വെങ്കല പദ്ധതി (പദ്ധതി 1) യിൽ നിന്നും വെള്ളി പദ്ധതി (പദ്ധതി 2) യിലേയ്ക്ക്

   സ്വർണ്ണ പദ്ധതി (പദ്ധതി 3) യിൽ നിന്നും വജ്ര പദ്ധതി (പദ്ധതി 4) യിലേയ്ക്ക്

   വജ്ര പദ്ധതി (പദ്ധതി 4) യിൽ നിന്നും പ്ലാറ്റിനം പദ്ധതി (പദ്ധതി 5) യിലേയ്ക്ക്

   വെള്ളി പദ്ധതി (പദ്ധതി 2) പിന്തുടരുന്നവർ, അവർ വായിക്കുവാനുദ്ദേശിച്ച 15 അദ്ധ്യായങ്ങൾ വായിച്ചതിനുശേഷം തുടർന്നുള്ള ഒന്നോ രണ്ടോ ഭാഗങ്ങളിൽനിന്ന് 5 അദ്ധ്യായങ്ങൾ വീതം വായിച്ചാൽ ഗിയർ മാറ്റം സാദ്ധ്യമാകും.

   പ്ലാറ്റിനം പദ്ധതി (പദ്ധതി 5) പിന്തുടരുന്നവർ, അവർ വായിക്കുവാനുദ്ദേശിച്ച 50 അദ്ധ്യായങ്ങൾ വായിച്ചതിനുശേഷം തുടർന്നുള്ള ഒന്നോ രണ്ടോ ഭാഗങ്ങളിൽനിന്ന് 10 അദ്ധ്യായങ്ങൾ വീതം വായിച്ചാൽ ഗിയർ മാറ്റം സാദ്ധ്യമാകും.

   ഇതിന്റെ പ്രയോജനം മൂന്നു വിധത്തിലാണ് അനുഭവപ്പെടുക:

   (a) അതു വ്യത്യസ്തവും തീവ്രവുമായൊരു വായനാനുഭവം നൽകും.
   (b) ദൈവത്തോടു കൂടുതൽ അടുക്കണം എന്ന് ആഗ്രഹിക്കുന്ന വേളകളിൽ തൊട്ടു മുകളിലേക്കുള്ള പദ്ധതി മാറ്റം ഇരട്ടി സ്വാധീനം ചെലുത്തുന്നതായി അനുഭവപ്പെടും.
   (c) പ്രധാനപ്പെട്ട തീരുമാനങ്ങൾ (ജോലി, വിവാഹം, യാത്ര, വൈദ്യചികിത്സ തുടങ്ങിയവ) എടുക്കുവാൻ മനസ്സ് പാകപ്പെടുത്തുമ്പോഴും ഇത്തരം മാറ്റം വളരെ പ്രയോജനം ചെയ്യും. ശരിയായ തീരുമാനങ്ങൾ എടുക്കുവാൻ നിങ്ങളെ ഇതു സഹായിക്കും. തന്മൂലം ദൈവാനുഗ്രഹം നിങ്ങളുടെ തീരുമാനങ്ങളിൽ ഉണ്ടെന്നുള്ള ആശ്വാസവും ധൈര്യവും ആത്മവിശ്വാസവും നിങ്ങൾക്ക് ഉണ്ടാകും.

അനുഗ്രഹപൂർണ്ണമായ ബൈബിൾ വായന *Love's Ark* നിങ്ങൾക്ക് ആശംസിക്കുന്നു!

Visit `http://www.lovesark.net` for the online version of this document.

**Rules for Copying**

Permission to copy and redistribute the contents of LovesArk.net, including this document, partly or wholly for commercial or non-commercial purposes is hereby granted subject to the following conditions:

1. Copies should be verbatim reproductions of the original material including Bible quotes.
2. The following copyright notice should appear at the front page (or at the beginning as the case may be) of all distributions and also at the front page (or at the beginning as the case may be) of each article.

   Lovesark.net
   *"helping people find strength in God"*
   The following materials have been taken from Lovesark.net (http://lovesark.net) Copyright 2001, 2002 by Lovesark.net Used by permission subject to conditions of copyright specified in the Web site.

3. All reproductions should cite the original location of the contents; i.e. http://LovesArk.net
4. LovesArk.net reserves the right to change the "Rules for Copying" from time to time.